## പതിനാലാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 561

29.10.2019 ൽ മറുപടിക്ക്

### വെള്ളൂർ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ ദു:സ്ഥിതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.മോൻസ് ജോസഫ് :** | | **ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ വെള്ളൂർ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ ദു:സ്ഥിതിക്ക് പരിഹാരം കാണുവാൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ; | (എ) & (ബി) | കേരളത്തിൽ കോട്ടയം ജില്ലയിൽ വെള്ളൂരിൽ പ്രവർത്തിക്കുന്ന ഹിന്ദുസ്ഥാൻ ന്യൂസ്പ്രിൻറ് ലിമിറ്റഡ് (എച്ച്.എൻ.എൽ) കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷൻെറ ഉടമസ്ഥതയിലുള്ള സബ്സിഡിയറി കമ്പനിയാണ് .<br><br>നിലവിൽ എച്.എൻ.എൽ-ൻെറ മാതൃ സ്ഥാപനമായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷനെ, ലിക്വിഡേറ്റ് ചെയ്ത് ബാധ്യതകൾ തീർപ്പാക്കുന്നതിനായി ഡൽഹിയിലെ നാഷണൽ കമ്പനി ലോ ട്രിബ്യൂണൽ ഒഫിഷ്യൽ ലിക്വിഡേറ്ററെ നിയമിച്ചിട്ടുണ്ട്. കൂടാതെ കൊച്ചിയിലെ നാഷണൽ കമ്പനി ലോ ട്രിബ്യൂണലിൽ, എച്.എൻ.എൽ-ന് എതിരെയുള്ള ഇൻസോൾവൻസി കേസിൽ സംസ്ഥാന സർക്കാരും അപേക്ഷ നല്കിയിട്ടുണ്ട്. സർക്കാരിന് ഈ കാര്യത്തിൽ തീരുമാനം എടുക്കുന്നതിനുള്ള സമയം ചോദിച്ചതിൻ പ്രകാരം 08-11-2019 വരെ സമയം ലഭിച്ചിട്ടുണ്ട്.<br><br>ഈ കമ്പനിയുടെ പ്രവർത്തനത്തിന് കുറഞ്ഞ നിരക്കിൽ അസംസ്കൃത വസ്തുക്കൾ നൽകുന്നതു കൂടാതെ വൈദ്യുതി, വെള്ളം എന്നിവയുടെ ചാർജ്ജിനത്തിലുള്ള കുടിശ്ശിക അടയ്ക്കുന്നതിന് സാവകാശം കാലാകാലങ്ങളായി നല്കിയിട്ടുണ്ട്. |
| (ബി) | കമ്പനി സ്വകാര്യവത്കരണവുമായി ബന്ധപ്പെട്ട് ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിനെ സംരക്ഷിക്കാൻ സർക്കാർ ഭാഗത്തുനിന്നും ഒരു നീക്കവും തുടങ്ങിയിട്ടില്ല എന്ന ആക്ഷേപത്തിന് സഹായകരമായ നിലപാടാണ് കെ.എസ്.ഇ.ബി. ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ കമ്പനിയോട് കാണിക്കുന്ന മനോഭാവം എന്ന ആക്ഷേപം പരിശോധിക്കുമോ? | | |

| | | | |
|---|---|---|---|
| | | | ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന് വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഇനത്തിൽ 37,39,30,253/- രൂപ 25.10.2019 വരെ നിലവിലുണ്ട്. 05.01.2019 ന് ശേഷം എച്ച്.എൻ.എൽ വൈദ്യുതി ചാർജ്ജിനത്തിൽ കെ.എസ്.ഇ.ബി ലിമിറ്റഡിൽ തുകയൊന്നും അടയ്ക്കാത്ത സാഹചര്യത്തിലാണ് കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി സ്വീകരിച്ചിട്ടുള്ളത് . |

**സെക്ഷൻ ഓഫീസർ**